**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3678** **27-06-2024 - ൽ മറുപടിയ്ക്ക്**

**സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ സേവനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് കരാർ വ്യവസ്ഥയിൽ പരിശീലനം നൽകുന്ന സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ വേതനം കാലോചിതമായി പരിഷ്കരിക്കുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കുമോ; | (എ) | കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ പ്രോജക്ട് അപ്രൂവൽ ബോർഡ് അംഗീകരിച്ച് നൽകുന്ന തുകയാണ് സമഗ്ര ശിക്ഷാ കേരള മുഖേന സ്പെഷ്യൽ എഡ്യൂക്കേറ്റർമാർക്ക് വേതനമായി നൽകുന്നത്. നിലവിൽ എലിമെന്ററി സ്പെഷ്യൽ എഡ്യൂക്കേറ്റർമാർക്ക് പ്രതിമാസം 20,000/- രൂപയും സെക്കന്ററി സ്പെഷ്യൽ എഡ്യൂക്കേറ്റർമാർക്ക് പ്രതിമാസം 25,000/- രൂപയും നൽകി വരുന്നു. കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം നിശ്ചയിച്ച പ്രകാരം നൽകാവുന്ന പരമാവധി തുകയാണിത്. പ്രോജക്റ്റിന്റെ ഭാഗമായി അധിക ശമ്പളം ലഭ്യമാക്കണമെങ്കിൽ പുതിയ പദ്ധതി വർഷങ്ങളിൽ കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം വേതനം പുതുക്കി നിശ്ചയിച്ച് നൽകേണ്ടിവരും. 2024-25 ലെ പി.എ.ബി മീറ്റിംഗിൽ ഇക്കാര്യം ചർച്ച ചെയ്തിരുന്നു എങ്കിലും വേതന വർദ്ധന സാധ്യമല്ല എന്ന നിലപാടാണ് കേന്ദ്രം സ്വീകരിച്ചത്. |
| (ബി) | എല്ലാ പൊതുവിദ്യാലയങ്ങളിലും സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ മുഴുവൻ സമയ സേവനം ഉറപ്പുവരുത്താൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | (ബി) | എല്ലാ സ്കൂളിലും സ്പെഷ്യൽ എജ്യൂക്കേറ്റർമാരെ വിന്യസിക്കുന്നതിനായി വേണ്ട അത്രയും എണ്ണം സ്പെഷ്യൽ എജ്യൂക്കേറ്റർമാരുടെ തസ്തിക അംഗീകരിച്ചിട്ടില്ല. എന്നാൽ പരമാവധി പൊതുവിദ്യാലയങ്ങളിൽ സ്പെഷ്യൽ എജ്യൂക്കേറ്റർമാരുടെ സേവനംഉറപ്പുവരുത്തുന്നതിനായി സ്പെഷ്യൽ എജ്യൂക്കേറ്റർമാർക്ക് ഒന്നിലധികം സ്കൂളുകളുടെ ചുമതല നൽകിയിട്ടുണ്ട്. എല്ലാ ക്ലസ്റ്ററുകളിലും കുറഞ്ഞത് ഒരു സ്പെഷ്യൽ കെയർ സെന്റർ പ്രവർത്തിക്കുന്നുണ്ട്. ഈ സെന്ററുകളിൽ ഏത് സ്കൂളിലേയും ഭിന്നശേഷി വിഭാഗം കുട്ടികൾക്ക് സേവനം തേടാവുന്നതാണ്. എല്ലാ ബി.ആർ.സി.യുടെ കീഴിലും ഓരോ ഓട്ടിസം സെന്ററും തെറാപ്പി സെന്ററുകളും പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത |

| | | | |
|---|---|---|---|
| | | | സെൻ്ററുകളുടെ സേവനവും പ്രയോജനപ്പെടുത്താവുന്നതാണ്. |

സെക്ഷൻ ഓഫീസർ